**തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റ് അഡീഷണൽ ഡയറക്ടറുടെ നടപടിക്രമം**

(ഹാജർ : Ajithkumar M P)

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ്–ജീവനക്കാര്യം-മൂന്നാം തരം ഓവർ സീയർ / മൂന്നാം തരം ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) തസ്തികയിലെ നേരിട്ടുള്ള നിയമനം ക്രമവത്ക്കരിച്ച് ഉത്തരവാകുന്നു.

പരാമർശം:
1) കേരള പബ്ലിക് സർവീസ് കമ്മീഷൻ എറണാകുളം മേഖല ഓഫീസിൽ നിന്നും വിവിധ തീയതികളിൽ ലഭ്യമായ നിയമന പരിശോധനാ സർട്ടിഫിക്കറ്റ്
2) വിവിധ ജില്ലാ പോലീസ് മേധാവികളുടെ വിവിധ തീയതിയിലെ അന്വേഷണ റിപ്പോർട്ട്
3) 05.07.2012 ലെ 31/2012/ഉപഭവ നമ്പർ സർക്കാർ കത്ത്

**ഉത്തരവ് നമ്പർ LSGD/PD/57036/2023-DEE2 തീയതി: 12-12-2024**

കേരള പബ്ലിക് സർവീസ് കമ്മീഷന്റെ നിയമന ശിപാർശയുടെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണവകുപ്പിൽ മൂന്നാംതരം ഓവർസിയർ/ മൂന്നാംതരം ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) തസ്തികയിൽ നിയമനം ലഭിച്ചിട്ടുള്ള ചുവടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള 10 ജീവനക്കാരുടെ കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖാന്തിരമുള്ള ഈ വകുപ്പിലെ മൂന്നാംതരം ഓവർസിയർ/ മൂന്നാംതരം ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) തസ്തികയിൽ നിയമനം ടി ജീവനക്കാർ ടി തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച തീയതി മുതൽ ക്രമവത്കരിച്ച് ഉത്തരവാകുന്നു.

| Sl No. | Name of Employee | Date of entry in service | service regularized with effect from |
|---|---|---|---|
| 1 | Aparna Sivan | 08.05.2023 | 08.05.2023 |
| 2 | Keerthana M. | 08.05.2023 | 08.05.2023 |
| 3 | Anupama V. S. | 10.03.2021 | 10.03.2021 |
| 4 | Alisha Raj Y. | 24.02.2024 | 24.02.2024 |
| 5 | Shamla H. | 05.02.2024 | 05.02.2024 |
| 6 | Harshith T. V. | 07.02.2024 | 07.02.2024 |

| | | | |
|---|---|---|---|
| 7 | Athira D | 16.08.2023 | 16.08.2023 |
| 8 | Harsha Suresh | 03.05.2023 | 03.05.2023 |
| 9 | Kannan S. | 24.09.2020 | 24.09.2020 |
| 10 | Minimol M. | 10.03.2021 | 10.03.2021 |

നിയമനം ക്രമവത്കരിച്ച തീയതി മുതൽ ടിയാളുടെ നിരീക്ഷണകാലം ആരംഭിക്കുന്നതാണ്. ബന്ധപ്പെട്ട നിയന്ത്രണാധികാരി നിയമനം ക്രമവത്കരണവുമായി ബന്ധപ്പെട്ട ആവശ്യമായ രേഖപ്പെടുത്തലുകൾ ടി ജീവനക്കാരുടെ സേവനപുസ്തകത്തിൽ വരുത്തേണ്ടതാണ്. കേരള പബ്ലിക് സർവീസ് കമ്മീഷന്റെ വൺ ടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ്, സർവീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് എന്നിവയുടെ അസ്സൽ (ഹോളോഗ്രാം മുദ്രയോടു കൂടിയത്) സേവനപുസ്തകത്തിൽ പതിച്ച് സൂക്ഷിക്കേണ്ടതാണ്.

ഈ ജീവനക്കാരിലാരെങ്കിലും വകുപ്പ് വിട്ടു പോകുകയോ, സ്ഥലംമാറി പോകുകയോ ചെയ്തിട്ടുണ്ടെങ്കിൽ അത്തരം ജീവനക്കാരുടെ കേരളാ പബ്ലിക് സർവീസ് കമ്മീഷന്റെ വൺ ടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ്, സർവീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് എന്നിവയുടെ അസ്സൽ (ഹോളോഗ്രാം മുദ്രയോടുകൂടിയത്), ഈ ഉത്തരവ് സഹിതം നിലവിൽ ടി ജീവനക്കാർ സേവനമനുഷ്ഠിക്കുന്ന വകുപ്പ് മേധാവി / നിയന്ത്രണാധികാരി -ക്ക് സുരക്ഷിതമാർഗേന അയച്ചു നൽകുന്നതിനുള്ള നിർദേശം അതാത് ജില്ലാ ജോയിന്റ് ഡയറക്ടർമാർ ബന്ധപ്പെട്ട നിയന്ത്രണാധികാരികൾക്ക് നൽകേണ്ടതാണ്.

**Ajithkumar M P**
**ADDITIONAL DIRECTOR**

ബന്ധപ്പെട്ട ജീവനക്കാർക്ക് (നിയന്ത്രണാധികാരി മുഖേന)

പകർപ്പ് :
1. ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, കോട്ടയം, ഇടുക്കി, കൊല്ലം, എറണാകുളം, പത്തനംതിട്ട, കോഴിക്കോട്, കണ്ണൂർ, കാസറഗോഡ്.
2. സൂപ്രണ്ട്, ഐ.റ്റി. സെൽ (ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
3. കരുതൽ ഫയൽ / ഓഫീസ് കോപ്പി

Signed by
Ajith Kumar M P
Date: 12-12-2024 17:43:52